ഇ-പ്രൊക്യൂർമെന്റ് പദ്ധതി

256 (623) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-പ്രൊക്യൂർമെന്റ് പദ്ധതിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ ;

(സി) ഇ-പ്രൊക്യൂർമെന്റ് പദ്ധതി പ്രകാരം പ്രസ്തുത വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണമായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 12-5-2015-ലെ സ.ഉ.(കൈ) നമ്പർ 13/2015/വി.സ.വ. സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷത്തിന് മുകളിൽ മൂല്യം വരുന്ന എല്ലാ ടെണ്ടറുകളും നിർബന്ധമായി ഇ-സംഭരണം വഴി നടപ്പിലാക്കണമെന്ന് സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതുകൂടാതെ പദ്ധതിയുടെ ഏകോപനത്തിനും നടത്തിപ്പിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല നേതൃത്വ സമിതിയും കൂടാതെ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും നിലവിലുണ്ട്. കരാറുകാർക്ക് ടെണ്ടർ ഫീസും നിരതദ്രവ്യവും നേരിട്ട് ഓൺലൈനിൽ അടയ്ക്കുന്നതിനായി ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും കരാറുകാർക്കും പരിശീലനം നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ സഹായക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങൾ / ബോർഡുകളും ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാറുകാർക്ക് എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഓൺ ലൈൻ മുഖേന കരാറുകൾ സമർപ്പിക്കുവാൻ കഴിയും. ടെണ്ടർ പ്രക്രിയയുടെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിനും, സർക്കാർ അക്കൗണ്ടിലേക്ക് യഥാസമയം പണം എത്തിച്ചേർന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സ്ഥാപനങ്ങൾക്ക് ഡിമാന്റ് ഡ്രാഫ്റ്റുകൾ സ്വീകരിക്കുക, ആയത് കാത്തുസൂക്ഷിക്കുക, സർക്കാരിലേക്ക് അടയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഒഴിവാക്കുവാനും കഴിയും. തെരഞ്ഞെടുക്ക പ്പെടാത്ത കരാറുകാർക്ക് ഓൺലൈനിലൂടെ നിരതദ്രവ്യം തിരികെ ലഭിക്കുന്നതി ലൂടെ ഇക്കാര്യത്തിലുള്ള കാലതാമസം ഇല്ലാതാകും. കരാറുകാർ തമ്മിലുള്ള ആരോഗ്യകരമായ മത്സരം സാധ്യമാകുന്നതിലൂടെ പ്രൊക്യൂർമെന്റ് ചെലവ് കുറയുകയും തന്മൂലം സർക്കാരിന് കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-പ്രൊക്യൂർമെന്റ് പദ്ധതി നിർബന്ധമാക്കിയതുവഴി മുഴുവൻ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ബോർഡുകളും ടി പദ്ധതിയുടെ പരിധിയിൽ വരും.

ഐ.ടി. മേഖലയിലെ പദ്ധതികൾ

257 (624) ശ്രീ. കെ. അച്ചുതൻ :
ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. മേഖലയിൽ വൻകുതിപ്പിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഐ.റ്റി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഐ.റ്റി. വ്യവസായ വികസനത്തിനുമായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഐ.റ്റി. രംഗത്ത് വളർച്ചയ്ക്കായി ഐ.റ്റി. പാർക്കുകൾ തുടങ്ങുക, അവയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുക, ഐ.റ്റി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവ സർക്കാരിന്റെ ഐ.റ്റി. നയത്തിലുൾപ്പെടുന്നു.

വിവരസാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ കൂടുതൽ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly